പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഇതിനായി പ്രത്യേക സ്കീം ഇല്ല. എന്നാലും കുടുംബ സംരക്ഷകൻ മരിച്ചുപോകുന്ന അവസരത്തിൽ ഏതെങ്കിലും കടബാദ്ധ്യത സർക്കാരിനോ സർക്കാർ സ്ഥാപനത്തിനോ ഉണ്ടെങ്കിൽ വ്യക്തിഗത കേസുകൾ പരിഗണിച്ച് എഴുതിത്തള്ളാറുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും എടുത്തിട്ട് തിരിച്ചടയ്ക്കാത്ത വായ്പകൾ അവയുടെ കാലപ്പഴക്കം കൂടെ കണക്കിലെടുത്ത് എഴുതിത്തള്ളുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) പരിഗണനയിലില്ല.

വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

21(*201) ശ്രീ. എം. രാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമനിധി ഓഫീസുകളിലെ അസൗകര്യങ്ങൾ കൊണ്ടും വേണ്ടത്ര ജീവനക്കാരില്ലാത്തതുകൊണ്ടും സർക്കാരിൽ നിന്നുള്ള ഗ്രാന്റ് യഥാസമയം ലഭിക്കാത്തതുകൊണ്ടും ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മുടങ്ങിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സർക്കാരിൽ നിന്നുള്ള ഗ്രാന്റ് യഥാസമയം ലഭിക്കാത്തതുമൂലം ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യവിതരണം തടസ്സപ്പെട്ടിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) വിവിധ ക്ഷേമനിധിബോർഡുകളിൽ തൊഴിലാളികളുടെ വീഹിതം നേരിട്ട് അടയ്ക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ക്ഷേമനിധി ഓഫീസുകളിലെ അസൗകര്യങ്ങൾ കൊണ്ടും സർക്കാരിൽ നിന്നുള്ള ഗ്രാന്റ് യഥാസമയം ലഭിക്കാത്തതുകൊണ്ടും ബോർഡുകളുടെ പ്രവർത്തനം മുടങ്ങിയിട്ടില്ല. എന്നാൽ വേണ്ടത്ര സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ മോട്ടോർ തൊഴിലാളി, കർഷക തൊഴിലാളി, ചുമട്ടു തൊഴിലാളി എന്നീ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തിൽ മാന്ദ്യം വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്. ബന്ധപ്പെട്ട ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് പിരിഞ്ഞ തൊഴിലാളികൾക്കുള്ള പെൻഷൻ വിതരണത്തിൽ മുടക്കം വന്നിട്ടുണ്ട്.

(ഇ) ഏതാനും ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളുടെ വിഹിതം നേരിട്ടടയ്ക്കാൻ ഇപ്പോൾത്തന്നെ സംവിധാനമുണ്ട്. എന്നാൽ മറ്റ് ബോർഡുകളിൽ ഇതിനാവശ്യമായ നിയമ വ്യവസ്ഥയില്ലാത്തതിനാൽ തൊഴിലാളികളുടെ വിഹിതം തൊഴിലുടമ പിരിച്ച് തൊഴിലുടമയുടെ വിഹിതവും ചേർത്ത് അടയ്ക്കുകയാണ് ചെയ്യുന്നത്. ഈ വ്യവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി നിരക്കിലുള്ള സൗജന്യം

22(*202) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ സൗജന്യം അനുവദിച്ചിരുന്നു ;

(ബി) അനുവദിച്ചിരുന്ന സൗജന്യം എത്ര ശതമാനമായിരുന്നു ;

(സി) ഇപ്പോൾ ഏതെല്ലാം വിഭാഗത്തിപ്പെടുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ സൗജന്യം അനുവദിക്കുന്നുണ്ട് ;

(ഡി) ഇപ്പോൾ അനുവദിക്കുന്ന സൗജന്യം എത്ര ശതമാനമാണ് ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 20 യൂണിറ്റിൽ കവിയാത്ത എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും നെൽക്കൃഷിക്കും സൗജന്യ വൈദ്യുതി നൽകിയിരുന്നു. കൂടാതെ, 23-9-1991-നും 31-12-1996-നും ഇടയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾക്ക് ഉൽപ്പാദനം തുടങ്ങിയ തീയതി മുതൽ അഞ്ച് വർഷക്കാലം 1-1-1992-ന് നിലവിലുള്ള നിരക്ക് നൽകിയാൽ മതിയെന്ന് ഉത്തരവുണ്ടായിരുന്നു.

(ബി) 20 യൂണിറ്റിൽ കുറവുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് 100 ശതമാനം, നെൽക്കൃഷിക്ക് 100 ശതമാനം ഇങ്ങനെ സൗജന്യം അനുവദിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly